ഉത്തരം

(എ) സർക്കാർ എയ്ഡഡ് മേഖലയിലെ ഹയർ സെക്കന്ററി, സെക്കന്ററി, പ്രൈമറി തലങ്ങളിലെ മുഴുവൻ വിദ്യാർത്ഥികളേയും കഴിഞ്ഞ സാമ്പത്തിക വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) 7,64,812 രൂപ. (എഴ് ലക്ഷത്തി അറുപത്തി നാലായിരത്തി എണ്ണൂറ്റി പന്ത്രണ്ട് രൂപ)

## വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

11 (2539) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതിവഴി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഹയർസെക്കന്ററി, സെക്കന്ററി, പ്രൈമറി തലങ്ങളിൽ ഓരോന്നിലും എത്ര വിദ്യാർത്ഥികളെ വീതം ഈ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ;

(ബി) ഇതിലേക്ക് കഴിഞ്ഞ വർഷം ചെലവാക്കിയ തുക എത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സർക്കാർ, എയ്ഡഡ് മേഖലയിലെ ഹയർ സെക്കന്ററി, സെക്കന്ററി, പ്രൈമറി തലങ്ങളിലെ മുഴുവൻ വിദ്യാർത്ഥികളേയും കഴിഞ്ഞ സാമ്പത്തിക വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) 7,64,812 രൂപ. (എഴ് ലക്ഷത്തി അറുപത്തി നാലായിരത്തി എണ്ണൂറ്റി പന്ത്രണ്ട് രൂപ)

## പൊതു വിദ്യാഭ്യാസത്തിന്റെ നിലവാരക്കുറവ്

12 (2540) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസത്തിന്റെ നിലവാരക്കുറവ് പരിഹരിക്കുന്നതിനായി എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കുവാനാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കുമോ ;

(ബി) അതിനായി 2012-13 വർഷത്തിൽ എത്ര തുകയാണ് നീക്കിവച്ചിരിക്കുന്നത് ;

(സി) വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനും, അടിസ്ഥാന സൗകര്യ വികസനത്തിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; അതിനായി എത്ര തുക വകയിരുത്തിയിരിക്കുന്നു എന്ന് വെളിപ്പെടുത്തുമോ ;

(ഡി) സർക്കാർ സ്കൂളുകളെ അന്തർദേശീയ നിലവാരത്തിലുള്ളതാക്കി തീർക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)

1. സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരമുയർത്തുന്നതിന് വേണ്ടി കഴിഞ്ഞ വർഷങ്ങളിൽ പിൻതുടർന്ന് വന്നിരുന്ന QEPR പദ്ധതി ഈ വർഷവും തുടരുന്നതാണ്. (എസ്.എസ്.എൽ.സി. പരീക്ഷയിൽ ഏറ്റവും പിന്നോക്കം നിന്നിരുന്ന സംസ്ഥാനത്തെ 104 സ്കൂളുകളെ പ്രത്യേക ശ്രദ്ധ നൽകി ഗുണനിലവാരം മെച്ചപ്പെടുത്തുവാനുള്ള പദ്ധതി.)

2. 2011-12 വർഷം എസ്.എസ്.എൽ.സി പരീക്ഷയിൽ 65%-ൽ താഴെ റിസൾട്ട് ഉള്ള എല്ലാ ഗവൺമെന്റ് /എയ്ഡഡ് സ്കൂളുകളെയും ഈ വർഷം QEPR സ്കൂളുകളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി ഗുണനിലവാരം മെച്ചപ്പെടുത്തുവാൻ പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 413 ലക്ഷം രൂപ.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) പരിശോധിക്കാവുന്നതാണ്.

### പത്താം ക്ലാസ്സ് കോഴ്സ് ജനകീയവൽക്കരിക്കാൻ നടപടി

13 (2541) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാവരെയും പത്താം ക്ലാസ്സ് വിദ്യാഭ്യാസമുള്ളവരാക്കാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് എന്ന് വിശദമാക്കുമോ ;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി എല്ലാവരെയും പത്താം ക്ലാസ്സ് എഴുതാനും തയ്യാറാക്കുവാനും പത്താം ക്ലാസ്സ് കോഴ്സ് ജനകീയമാക്കാനും നടപടികൾ സ്വീകരിക്കുമോ ;

(ഡി) ഇതിനുള്ള ഉദ്യമം എന്നു പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 10-ാം ക്ലാസ്സിൽ പഠനം പൂർത്തിയാക്കുവാൻ കഴിയാത്തവർക്കായി സാക്ഷരതാമിഷൻ മുഖാന്തിരം 'എ' ലെവൽ പരീക്ഷ എല്ലാ വർഷവും നടത്തുന്നു. ഇതിനായി പ്രത്യേക ക്ലാസ്സുകൾ തന്നെ നടത്തുന്നു. സംസ്ഥാന സാക്ഷരതാ മിഷൻ നടത്തുന്ന തുല്യതാ പരിപാടിയിലൂടെ പത്താംക്ലാസ് പാസാകാൻ താൽപര്യ